# പുഴയോരങ്ങളിലെ പ്രജനന സ്ഥലികൾ

ഒഴുകുന്ന പുഴവെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങൾ മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്ന പ്രത്യേക ഭാഗമാണ് പ്രജനനസ്ഥലികൾ എന്നു ചുരുക്കിപ്പറയാവുന്ന ഈ പ്രത്യേക സ്ഥാനങ്ങൾ. കരയിൽ പുഴയോരത്തായി വളരുന്ന ചെടികളും വള്ളിച്ചെടികളും പുഴയിലേക്ക് വളർന്നിറങ്ങി ഒഴുകുന്ന പുഴയുടെ ഓരങ്ങളിൽ മിക്കവാറും തീരെ ഒഴുക്കില്ലാത്ത മേഖലകൾ സൃഷ്ടിക്കുന്നു. വെള്ളത്തിൽ മുങ്ങിയിരിക്കുന്ന സസ്യഭാഗങ്ങളും അവയിൽ പറ്റിപ്പിടിച്ച പുല്ലും പായലും ജൈവാവശിഷ്ടങ്ങളും ഒത്തു ചേർന്ന് മുട്ടകൾക്ക് പറ്റിയിരിക്കാനും കുഞ്ഞുങ്ങൾക്ക് സ്വസ്ഥമായി വളരാനും യോജിച്ച അന്തരീക്ഷമൊരുക്കുന്നു. കുഞ്ഞുങ്ങൾക്കാവശ്യമായ ഭക്ഷണവും ഇവിടെ സുലഭമായിരിക്കും.

പുഴയോരങ്ങളിലെ ഈ 'Riparian Vegetation വ്യാപകമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എല്ലാ പുഴകളിലും. ചാലക്കുടി പുഴയിൽ ബാക്കിനിൽക്കുന്ന അപൂർവം പ്രജനനസ്ഥലികളിൽ ഒന്നാണ് മുകളിലെ ഫോട്ടോയിൽ. മനുഷ്യരുടെ ഇടപെടൽമൂലം നശിച്ചുപോയ മറ്റൊരു പ്രജനനസ്ഥലിയുടെ ചിത്രമാണ് താഴെ.

പുഴകളിലെ മത്സ്യസമ്പത്തിന്റെ സംരക്ഷയ്ക്ക് ഇത്തരം പ്രജനനസ്ഥലികൾ ശ്രദ്ധാപൂർവം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ഡോ. സണ്ണി ജോർജ്